ശ്രീ. എൻ. പി. വല്ലിസ്സ്: ആ ഇക എന്തുചെയ്യുവാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതു സ്ഥലത്താണ് ഇതിനുവേണ്ടി ഫാക്ടറി സ്ഥാപിക്കണമെന്നു ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. പി. വല്ലിസ്: കഴിഞ്ഞ നാലുകൊല്ലത്തോളമായിട്ട് ഇതിലേക്ക് തുക കൊള്ളിക്കുകയും ലാപ്സാക്കിക്കളയുകയുമാണ് ചെയ്തിട്ടുള്ളതെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇക്കൊല്ലം അങ്ങനെ തുക ലാപ്സാക്കിക്കളയരുതെന്നു ഗവണ്മെന്റിനു മനപൂർവ്വമായ ഉദ്ദേശമുണ്ട്.

ശ്രീ. ഇ. പി. പൗലോസ്: ഇതിലേക്കു പെരുമ്പാവൂരിൽ ഒരു സ്ഥലം പാട്ടത്തിനെടുക്കാൻ ഗവണ്മെന്റ് ആലോചിച്ചില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: മുമ്പു അങ്ങനെ ആലോചിച്ചിരുന്നു.

ശ്രീ. ഇ. പി. പൌലോസ്: പിന്നിട് ഇതുവരെ ആ സ്ഥലം പാട്ടത്തിനെടുക്കാതിരുന്നത് എന്തുകൊണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനടുത്തു ഗവണ്മെന്റുവക സ്ഥലമുണ്ട്. അതുകൊണ്ട് പാട്ടത്തിനു സ്ഥലമെടുക്കാതെ ഗവണ്മെന്റുസ്ഥലത്തന്നെ എടുക്കാമോ എന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. പൌലോസ്: പാട്ടത്തിനു സ്ഥലം എടുക്കാൻ ഗവണ്മെന്റ് ആലോചിച്ചിട്ട് ഇതുവരെ സ്ഥലം എടുക്കാതിരുന്നതുകൊണ്ട് സ്ഥലം ഉടമസ്ഥനു വലിയ നഷ്ടമുണ്ടായിട്ടുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടായിരിക്കാം. എന്നാൽ ഗവണ്മെന്റുവക സ്ഥലത്തുതന്നെ ഫാക്ടറി സ്ഥാപിക്കണമെന്നാണ് ഗവണ്മെന്റ് ആലോചിക്കുന്നത്.

ശ്രീ. പി. എം. വല്ലിസ്സ്: ഇതേപ്പറ്റി ആലോചനനടത്തുന്നതു് ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെന്റുതന്നെയാണ്.

ശ്രീ. പി. എം. വല്ലിസ്: ലെമൺഗ്രാസ് റിസർച്ചിനെപ്പറ്റി ഗവണ്മെന്റിനു് വിദഗ്ദ്ധാഭിപ്രായം നൽകുന്നതു് ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു റിസർച്ചു ഡയറക്ടറാണ്. അതിലേക്കാവശ്യമുള്ള സ്ഥലത്തെപ്പറ്റിയും മറ്റും കളക്ടരുടെയും അതിലേക്കു നിയമിച്ചിട്ടുള്ള സ്പെഷ്യലാഫീസറുടെയും മറ്റും അഭിപ്രായവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ ഫാക്ടറി സ്ഥാപിക്കുവാൻ ഏതെങ്കിലും ഒരു വിദഗ്ദ്ധന്റെ അഭിപ്രായം ഗവണ്മെന്റ് ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

LAND TO POLITICAL SUFFERERS

*568. [15] **Sri. E. P. Poulose:** Will the Hon'ble the Chief Minister be pleased to state.—

(a) whether Government propose to distribute about 2,000 acres of land among 'Political Sufferers';

(b) when was this decision taken;

(c) whether any department has been instructed to make available such land for distribution;

LIBRARY ARCHIVES Kerala Legislative Assembly

(*d*) when was such instruction given ; and
(*e*) have any proposals been submitted to Government ?

Chief Minister **(Sri. T. K. Narayana Pillai) :**

(*a*) No. 500 acres have been made available for allotment to political sufferers according to the Press Note, dated 20th November 1948.
(*b*) 20th December 1948.
(*c*) Land has already been made available from the Forest Department.
(*d*) 20th December 1948.
(*e*) Does not arise.

ശ്രീ. ഇ. പി. പൌലോസ്: തന്നിട്ടുള്ള അപേക്ഷകരിൽ പൊളിറ്റിക്കൽ സഫറേഴ്സ് ആരെല്ലാമാണെന്ന ഗവൺമെണ്ടിന് നിശ്ചയമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റിയുള്ള ഒരു ഏകദേശ ജ്ഞാനം ഗവൺമെണ്ടിനുണ്ട്.

ശ്രീ. ഇ. പി പൌലോസ്: ഇവരുടെ ലിസ്റ്റ് ഇപ്പോഴും ഗവൺമെണ്ടിന്റെ കൈവശമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. ഇ. പി. പൌലോസ്: ഇവർ ഇനിയും അപേക്ഷിച്ചാൽ കൂടുതൽ സ്ഥലം അനുവദിച്ചു കൊടുക്കാമെന്നാണോ ഗവൺമെണ്ട് പറയുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നല്ല പറഞ്ഞത്. ഇനിയും പൊളിറ്റിക്കൽ സഫറേഴ്സിൽ ആരെങ്കിലും അപേക്ഷിക്കാതുണ്ടെങ്കിൽ അങ്ങനെയുള്ളവരുടെ അപേക്ഷ വന്നാൽ അതേപ്പറ്റി ശ്രദ്ധിക്കാമെന്നാണ്.

ശ്രീ. വി. ഗംഗാധരൻനായർ: പൊളിറ്റിക്കൽ സഫറേഴ്സിൽ കാൺഗ്രസുകാർ അല്ലാത്തവർ ഉൾപ്പെട്ടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ലാത്തവരും ഉൾപ്പെട്ടും.

ശ്രീ. എം. ഐ. പോൾ: പൊളിറ്റിക്കൽ സഫറേഴ്സിന്റെ കാളിഫിക്കേഷൻ എന്തെല്ലാമാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അവർക്ക് പ്രത്യേകം കാളിഫിക്കേഷനൊന്നുമില്ല.

ശ്രീ. എം. ഐ. പോൾ: യാതനയുടെ പേരിൽ എതെല്ലാം കാളിഫിക്കേഷനാണ് അവർക്കുണ്ടായിരിക്കേണ്ടത്?

ശ്രീ. ടി. കെ. നാരായണപിള്ള: കാളിഫിക്കേഷനായിട്ട് യാതൊന്നുമില്ല.

ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ: പൊളിറ്റിക്കൽ സഫറേഴ്സിൽ നെയ്യാറ്റിൻകരയിലും നെടുമങ്ങാട്ടും സ്ഥാനാർത്ഥികളായിനിന്ന തോറ്റവരും, അവർക്ക് വോട്ടുപിടിച്ചവരും ഉൾപ്പെട്ടുമോ?

മിസ്റ്റർ. സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ എ. താണുപിള്ള: പൊളിറ്റിക്കൽ സഫറേഴ്സിനു് എതെങ്കിലും ഡഫനിഷൻ ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. എ. താണുപിള്ള: പിന്നെ ആരെല്ലാമാണ് പൊളിറ്റിക്കൽ സഫറേഴ്സ് എന്നു അറിയാനുള്ള മാർഗ്ഗമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ഗവൺമെണ്ടിനു് സാമാന്യമായ രൂപമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള: ആ രൂപം എന്താണെന്ന് പബ്ലിഷ് ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പബ്ലിഷ് ചെയ്തിട്ടില്ല.

ശ്രീ. എ. താണുപിള്ള: പബ്ലിഷ് ചെയ്തിട്ടില്ലെന്ന എനിക്ക് അറിയാം. പബ്ലിഷ് ചെയ്യുമോ എന്നാണു ചോദിച്ചതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ സാദ്ധ്യതയെപ്പറ്റി ആലോചിക്കാം.

ശ്രീ. വി. ഗംഗാധരൻ: പൊളിറ്റിക്കൽ സഫറേഴ്സിന്റെ പേരിൽ ഇപ്പോൾ എത്ര ഏക്കർസ്ഥലം പതിച്ചു കൊടുത്തിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ഗുരിച്ചൻ: പൊളിറ്റിക്കൽ സഫറേഴ്സിനു പതിച്ചു കൊടുത്തസ്ഥലം പിന്നോക്കസമുദായക്കാക്കു് പതിച്ചു കൊടുക്കുവാനായി നിക്കിവച്ചിരുന്ന സ്ഥലമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല.

ശ്രീ. മന്നാർ ഗോപാലൻനായർ: താൻ ഒരു പൊളിറ്റിക്കൽ സഫറർ ആണെന്നു് ഒരാളിനറിയാൻ എന്താണു് മാർഗ്ഗം?

ശ്രീ. ടി. കെ. നാരായണപിള്ള: അതയാൾക്കുതന്നെ അറിയാം.

ശ്രീ. വി. ഗംഗാധരൻ: കാൺഗ്രസ്സുകാരനല്ലാത്ത പൊളിറ്റിക്കൽ സഫറേഴ്സിനു് ആർക്കെങ്കിലും സ്ഥലം പതിച്ചു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

കടൽ വ്യവസായക്കമ്മിറ്റി റിപ്പോർട്ട്

*൪൩൯. (ഫ൩) ശ്രീ. വി. കെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു കടൽവ്യവസായങ്ങൾ ആരംഭിക്കുന്നതിനെപ്പറ്റിയും മറ്റും വിശദറിപ്പോർട്ട് സമർപ്പിക്കുന്നതിനു് ഏല്പിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞുവോ;

(ബി) അതനുസരിച്ചു് ഏതെല്ലാം വ്യവസായങ്ങൾ ആരംഭിക്കുന്നുണ്ടു്;

(സി) ആയതു് എവിടെയെല്ലാം?

വ്യവസായവും, ഏക്സൈയിസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഒരിടക്കാല റിപ്പോർട്ട് ഗവൺമെണ്ടിനു് കിട്ടിയിട്ടുണ്ടു്.

(ബി & സി) അതു് ആലോചനയിലിരിക്കുകയാണു്.

ശ്രീ. വി. കെ. ജോസഫ്: റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഗവൺമെണ്ടു് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കമ്മിറ്റിയെ നിയമിച്ചിട്ടു് ഇപ്പോൾ എത്രകാലമായി?

LIBRARY ARCHIVES Kerala Legislative Assembly